(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി11-155/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഫോൺ. 0495-2371012

ഇ-മെയിൽ dokkd.ksad@kerala.gov.in

തീയതി 07.03.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>പകർ</u>പ്പ് :

1) ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി11-155/2020 തീയതി 07.03.2020

**കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10/08/2018 മുതൽ 26/12/2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27/12/2019 മുതൽ 03/01/2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രബോധ് കുമാർ.ഇ.എം.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീജിത്.കെ.വി, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | |
|---|---|
| പ്രസിഡണ്ട് | ശ്രീമതി. ശോഭ. കെ.എം<br>01-04-2018 മുതൽ 31-03-2019 വരെ |
| ഉദ്യോഗപ്പേര് | പേര്, കാലയളവ് |
| സെക്രട്ടറി | ശ്രീ. എ.ടി. മനോജ്കുമാർ,<br>01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. സീജ. എൻ.പി.<br>01-04-2018 മുതൽ 31-03-2019 വരെ |
| | |

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സുമിത.കെ.ബി.<br>20-06-2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ബിന്ദു. ടി.<br>01-04-2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ബിന്ദു. പി.<br>01-04-2018 മുതൽ 28-07-2019 വരെ<br>17-12-2018 മുതൽ 31-03-2019 വരെ |
| | ശ്രീ.അജിതകുമാർ.ടി.വി.<br>29-07-2018 മുതൽ 16-12-2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | ശ്രീമതി. കെ.പി.സിന്ധു<br>01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ദിലീപ് കുമാർ<br>01-04-2018 മുതൽ 31-03-2019 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി. ഷാനില. എസ്.പി.<br>01-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീമതി. അനിത.കെ.എം.<br>01-08-2018 മുതൽ 10-10-2018 വരെ |
| | ശ്രീമതി. വിദ്യാ ശശിധരൻ. എസ്.പി.<br>11-10-2018 മുതൽ 31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ഹിത.<br>01-04-2018 മുതൽ 05-06-2018 വരെ<br>03-12-2018 മുതൽ 31-01-2019 വരെ |
| | ശ്രീമതി. ജീജ.കെ.എം.<br>06-06-2018 മുതൽ 02-12-2018 വരെ<br>01-02-2019 മുതൽ 31-03-2019 വരെ |

**<u>ഉള്ളടക്കം</u>**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | കാർഷിക മേഖല- നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്പാദന മേഖലയിൽ കാര്യമായ ഇടപെടൽ നടത്തിയില്ല | 1-7 |
| 8 | വനിതാ വ്യവസായ വിപണന കേന്ദ്രം -പ്രവർത്തന സജ്ജമാക്കിയിട്ടില്ല- ലക്ഷ്യം | 1-8 |

| | | |
|---|---|---|
| | നിറവേറ്റപ്പെടുന്നില്ല | |
| 9 | ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരമുള്ള കെട്ടിടം സ്വയം സഹായ സംഘം മേൽവാടകക്ക് നൽകുന്നു. | 1-9 |
| 10 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയർ- എ.എം.സി ഇല്ല. | 1-10 |
| 11 | പത്ര പരസ്യം-അർഹമായ ഇളവ് ലഭ്യമാക്കിയില്ല | 1-11 |
| 12 | കൺവീനർ വർക്കിന് 7.5 ശതമാനം ഓവർഹെഡ് ചാർജ്ജ് അനുവദിച്ചു | 1-12 |
| 13 | ആസ്തിയിലുൾപ്പെടാത്ത സ്റ്റേജ് നിർമ്മാണം | 1-13 |
| 14 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 1-14 |
| 15 | കുടിവെള്ള പദ്ധതി - കിണർ നിർമ്മാണത്തിന് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ചു | 1-15 |
| 16 | 8.685 ലക്ഷം രൂപ ധനസഹായം നൽകിയെങ്കിലും മോണിട്ടറിംഗിന്റെ അഭാവം മൂലം പദ്ധതി പരാജയപ്പെട്ടു. | 1-16 |
| 17 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-17 |
| 18 | ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ക്രമപ്രകാരമല്ല. | 1-18 |
| 19 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 20 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 23 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 24 | സ്ഥിര നിക്ഷേപം | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

13/02/2019 തീയതിയിലെ 1(1)/18-19 തീരുമാന പ്രകാരം പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 26500000 | 26500000 | 24362068 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9582000 | 9582000 | 8837822 | |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 61000 | 61000 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3144000 | 3144000 | 1847350 | |
| ജനറൽ പർപ്പസ് ഫണ്ട് | 2319650 | 4012000 | 6331650 | 4083316 | 0 |

# 1-3 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 75 | 67033356 | 61 | 36288306 | 0 | 14 | 81.33 |

# 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-01-2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

# 1-5 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കെട്ടിട വാടകയിനത്തിൽ വരവുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
2. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 504322/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
3. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം മുൻകൂർ ഇനത്തിൽ നവദിച്ചിട്ടുള്ള 266653/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ ർണ്ണമല്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർ ദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനമൂല്യം കണക്കാക്കിയിട്ടുള്ളത്.
5. വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ മൂല്യമനുസരിച്ചല്ല തയ്യാറാക്കിയിട്ടുള്ളത്.
6. വാർഷിക കണക്കിലെ റസീറ്റ് & പേമെന്റ് പത്രിക ബി-40(b) ഷെഡ്യൂൾ പ്രകാരം 14 അക്കൗണ്ടുകൾ നിലവിലുണ്ട്. എന്നാൽ ആയതിൽ 6 എണ്ണത്തിൽ മാത്രമെ ഇടപാടുകൾ നടക്കുന്നുള്ളൂ. ഇടപാടുകൾ

നടക്കാത്തതും നീക്കിയിരിപ്പില്ലാത്തതുമായ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

7. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ പിരിച്ചെടുത്തതും സർക്കാരിലേക്ക് അടവാക്കാൻ അവശേഷിക്കുന്നതുമായ 2060/- രൂപ അടവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
8. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരം 7541397/- രൂപ ആസ്തിയായും ബി-11(a) ഷെഡ്യൂൾ പ്രകാരം 2622475/-രൂപ capital work in Progress ഇനത്തിലും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ ബി-3 (18696849/- രൂപ) യുമായി 8532977/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

# 1-6 ആഭ്യന്തര നിയന്ത്രണം

2018-19 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ ഭൂരിഭാഗവും താഴെ പറയുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ അഭാവം കൊണ്ടോ അപാകത കൊണ്ടോ സംഭവിച്ച-താണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1. ആസ്തി**

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ 2011-12 വർഷം വരെയുള്ളത് മാത്രമേ കാലികമാക്കിയിട്ടുള്ളൂ. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ആസ്തികളുടെ പരിപാലനത്തിലുണ്ടായ വീഴ്ചയാണ് ഉഷസ്സ് സ്വയം സഹായ സംഘവുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ ഓഡിറ്റ് പരാമർശത്തിന് കാരണമായിട്ടുള്ളത്.

**2.രജിസ്റ്ററുകളുടെ പരിപാലനം**

വാടക ഡിമാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് കം മെയിന്റനൻസ് രജിസ്റ്റർ, ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

**3.അക്കൗണ്ടിംഗ്.**

യഥാർത്ഥത്തിൽ ചെലവുകൾ നടന്ന് 3 മാസം വരെ സമയമെടുത്താണ് ബന്ധപ്പെട്ട പേമെന്റ് വൗച്ചറുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നത്.

ഉദാഹരണം-

1. വൗച്ചർ നം-21800249 തീ.29.11.2018 എന്ന വൗച്ചറുമായി ബന്ധപ്പെട്ട ചെലവ് നടന്നിരിക്കുന്നത് 04.08.2018 തീയതിയിലെ 3845246 നമ്പർ ടി.എസ്.ബി ചെക്ക് മുഖേനയാണ്.
2. വൗച്ചർ നം- 21800443 തീ.14.03.2019 എന്ന വൗച്ചറുമായി ബന്ധപ്പെട്ട ചെലവ് നടന്നിരിക്കുന്നത് 18.09.2018 തീയതിയിലെ 3845257 നമ്പർ ടി.എസ്.ബി ചെക്ക് മുഖേനയാണ്.

അക്കൗണ്ടിങ്ങുമായി ബന്ധപ്പെട്ട് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ചുമതലാപരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നത് മേൽ അപാകതകളിൽ നിന്നും വ്യക്തമാണ്. ഭരണ സമിതി തീരുമാനങ്ങൾ നടപ്പിലാക്കപ്പെട്ടോ എന്നത് സംബന്ധിച്ച ഒരു പരിശോധനാ സംവിധാനവും സ്ഥാപനത്തിലില്ല. ഭരണ സമിതി യോഗങ്ങളിൽ മുൻ തീരുമാനങ്ങളുടെ റിവ്യൂയും നടക്കുന്നില്ല.

ഉദാ- 24.02.2018 ലെ 111(7)/17-18 നമ്പർ തീരുമാന പ്രകാരം ഹിൽബസാർ ഓപ്പൺ സ്റ്റേജ് ആസ്തി രജിസ്റ്ററിലേക്ക് ഉൾപ്പെടുത്താൻ ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതിക്ക് 31.05.2018 ലെ 2(2)/18-19 തീരുമാന പ്രകാരം ഭരണാനുമതി നൽകും മുൻപ് ഭരണ സമിതി മുൻ തീരുമാനം നടപ്പിലാക്കപ്പെട്ടോ എന്നത് പരിശോധിച്ചിട്ടില്ല.

# 1-7 കാർഷിക മേഖല- നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്പാദന മേഖലയിൽ കാര്യമായ ഇടപെടൽ നടത്തിയില്ല

2017-18 മുതൽ 5 വർഷ കാലയളവിൽ നെൽകൃഷി വിസ്തീർണ്ണം വർദ്ധനവ്, പച്ചക്കറി കൃഷിക്ക് ജൈവകുമിൾ നാശിനി ഉൾപ്പെടെ വർദ്ധനവ്, ഇടവിളകൃഷി/കുരുമുളക് കൃഷി വ്യാപനം, തഞ്ചാവൂർ വാട്ടരോഗ നിയന്ത്രണം, മുള്ളൻപന്നി ശല്യം ഒഴിവാക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ, ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് ഇരട്ടിയിലധികം ഉത്പാദനം നേടാൻ 13 പദ്ധതികളാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ജലസമൃദ്ധീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പദ്ധതി മാത്രം വിഭാവനം ചെയ്തു. നെൽകൃഷിക്ക് കൂലിചെലവ് എന്ന പദ്ധതിയ്ക്ക് 2879000/-രൂപ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പദ്ധതി വിഹിതം ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിക്ക് ബ്ലോക്ക് വിഹിതമായ 695000/- രൂപ മാത്രം തൻവർഷം ചെലവഴിച്ചു(ബിൽ നം. 1/18-19- 650000/-രൂപ, ബിൽ നം. 2/18-19 - 45000/-രൂപ)

പദ്ധതി ചെലവും ഫയലും പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. നെൽകൃഷിക്ക് കൂലിചെലവ് ഇനത്തിൽ 4 ഗ്രാമപഞ്ചായത്തുകൾക്ക് താഴെ കൊടുത്ത രീതിയിൽ പദ്ധതി തുക കൈമാറുകയായിരുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|
| 1 | അരിക്കുളം | 250000 |
| 2 | ചെങ്ങോട്ട് കാവ് | 150000 |
| 3 | മൂടാടി | 250000 |
| 4 | അത്തോളി | 45000 |

പദ്ധതി പ്രവർത്തനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാണിച്ച പ്രകാരം 12 അല്ലെങ്കിൽ അതിലധികം പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതിന് പകരം നെൽകൃഷി വിസ്തീർണ്ണ വർദ്ധനവിൽപെട്ട ഒരിനം മാത്രമായ കൂലിചെലവ് നൽകൽ എന്ന പദ്ധതി മാത്രം നടപ്പാക്കിയത് ശരിയായ നടപടിയല്ല. കൂടാതെ തുക കൈമാറുന്ന പദ്ധതിയാണിത്. ജില്ലാ /ഗ്രാമപഞ്ചായത്ത് വിഹിതമായി യഥാക്രമം 10.92 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയെങ്കിലും ആയത് ലഭ്യമാക്കി പദ്ധതി ചെലവ് വർദ്ധിപ്പിക്കാനും അതിലൂടെ കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കാനും നിർവ്വഹണ ഉദ്യോഗസ്ഥൻ അനാസ്ഥ കാണിച്ചിരിക്കയാണ്.

2. 31.01.2019 ലെ ഭരണസമിതി തീരമാനം നം- 4 പ്രകാരം കൃഷി ഓഫീസർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തീർത്തും അലംഭാവം സ്വീകരിച്ച് വരുന്നതായും, പങ്കെടുക്കേണ്ട പലയോഗങ്ങളിലും പങ്കെടുക്കാതിരുന്നത് ഗൗരവമായി കണക്കാക്കിയതിന്റെയും അടിസ്ഥാനത്തിൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ 2019-20 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ് കമ്മിറ്റി യോഗം 2018 ഏപ്രിൽ മുതൽ 2019 സെപ്തംബർ വരെ 18 വികസന സ്റ്റാന്റിംഗ് കമ്മിറ്റി, 27 ഭരണ സമിതി യോഗം എന്നിവയിൽ യഥാക്രമം അഞ്ചോ ആറോ യോഗത്തിൽ മാത്രമാണ് പങ്കെടുത്തതെന്നും വ്യക്തമാകുന്നു.

മേൽ കാര്യങ്ങളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ചയും അലംഭാവവും വരുത്തിയതായി കാണുന്നു. അതിനാലാണ് ഖണ്ഡിക ഒന്നിൽ വ്യക്തമാക്കിയ പോലെ 12 ലധികം പദ്ധതി നടപ്പാക്കേണ്ടതിന് പകരം 2018-19 ൽ ഒരു പദ്ധതി മാത്രം

നടപ്പാക്കിയത്. പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാനും, ഭരണസമിതി/വികസനകാര്യ സമിതി/ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ പങ്കെടുപ്പിക്കാനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-8 വനിതാ വ്യവസായ വിപണന കേന്ദ്രം -പ്രവർത്തന സജ്ജമാക്കിയിട്ടില്ല- ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൊയിലാണ്ടി നഗരസഭ മാർക്കറ്റിന് സമീപത്തായി നിർമ്മിച്ചിട്ടുള്ളതുമായ വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ ആകെ വിസ്തീർണ്ണം 1014.3 ച.മീ ആണ്. കെട്ടിടത്തിൽ 3 നിലകളിലായി 26 മുറികൾ ഉണ്ട്. എസ്.ജി.എസ്.വൈ പദ്ധതി പണം ഉപയോഗിച്ചാണ് പന്തലായനി ബ്ലോക്ക് പഞ്ചായത്ത് വനിതാ വ്യവസായ വിപണന കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. സ്വയം സഹായ സംഘങ്ങളിലൂടെ സ്വയം തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിപണന കേന്ദ്രം മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി, 16.09.2011 ലെ 52(1)/11-12 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച ബൈലോയിൽ (സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല) ബ്ലോക്ക് പ്രദേശത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ഐ.ആർ.ഡി.പി/ എസ്.ജി.എസ്.വൈ/കുടുംബശ്രീ/ ജനകീയാസൂത്രണ പദ്ധതി പ്രൊജക്ടുകളിലെ വനിതാ ഗ്രൂപ്പുകൾ അല്ലെങ്കിൽ സ്വയംതൊഴിൽ സംരഭകർ എന്നിവർക്ക് കുറഞ്ഞ വാടക/ഡെപ്പോസിറ്റ് നിരക്കിൽ മുറികൾ വാടകകക്ക് നൽകുന്നതാണെന്ന് നിബന്ധന ചെയ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ കുറഞ്ഞ നിരക്കിലുള്ള വാടകയാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

നിലവിൽ മൂന്ന് നിലകളിലായി 26 മുറികളിൽ 9 മുറികൾ മാത്രമാണ് വാടകക്ക് നൽകിയിട്ടുള്ളത്. നഗരസഭയിൽ നിന്നും പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയിട്ടുള്ള രണ്ടാം നിലയിൽ 8 മുറികൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. കെട്ടിടം ക്രമവത്കരിക്കുന്നതിന് നഗരസഭയിൽ സമർപ്പിച്ച അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി നിരസിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം ക്രമവത്കരിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണമായും ഉപയോഗപ്പെടുത്തി വരുമാനം ആർജ്ജിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന് ഭാവിയിൽ സാമ്പത്തികമായ ബാധ്യത സൃഷ്ടിക്കാനിടയുണ്ട്.

2018-19 വർഷത്തിൽ വാടക ഇനത്തിൽ 136715/- രൂപയാണ് വരവുള്ളത്. വസ്തു നികുതി ഇനത്തിൽ 74097/- രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ 20000 ത്തിൽ അധികം രൂപയും അറ്റകുറ്റപണികൾക്കായി 4580/- രൂപയും വിപണന കേന്ദ്രത്തിനായി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ വാടക വരവ് നാമമാത്രമാണെന്ന് കാണാം. താഴെ പറയുന്ന അപാകതകൾ ചെലവ് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

i. കെട്ടിടത്തിന്റെ 1166190033258, 1166195033564 എന്നീ കൺസ്യൂമർ നമ്പർ പ്രകാരമുള്ള വൈദ്യുതി ചാർജ്ജ് (വ്യവസായ വിപണന കേന്ദ്രം മോട്ടോർ പമ്പ് കണക്ഷൻ, പൊതു ആവശ്യത്തിനുള്ള കണക്ഷൻ, ഒഴിഞ്ഞ് കിടക്കുന്ന ഒരു മുറി എന്നിവയുടെ വൈദ്യുതി ചാർജ്ജ്) നിലവിൽ പഞ്ചായത്ത് ആണ് അടവാക്കുന്നത്. ആയത് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

ii. 15.02.2018 ലെ സ.ഉ (പി) 11/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ രണ്ടാം നില ക്രമവത്കരിക്കുന്നതിന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിടം ക്രമവത്കരിച്ചിട്ടില്ല. ഇക്കാരണത്താൽ രണ്ടാം നില വാടകക്ക് നൽകി വരുമാനം ആർജ്ജിക്കാൻ സാധിച്ചിട്ടില്ല

iii. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207 (എച്ച് ) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും വസ്തുനികുതി ബാധകമല്ല. എന്നാൽ 2018-19 വർഷത്തിൽ ഈ ഇനത്തിൽ 74097/- രൂപ വസ്തു നികുതിയിനത്തിൽ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്.

വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ വരവ്, ചെലവുകൾ താരതമ്യപ്പെടുത്തി അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികളെടുത്തിട്ടില്ല. താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജ് പൊതു ഉപയോഗവുമായി ബന്ധപ്പെട്ടതിനാൽ വാടകക്കാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.
2. കെട്ടിടത്തിന്റെ രണ്ടാം നില ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. നിയമ തടസ്സമുണ്ടാകുന്ന പക്ഷം സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. കെട്ടിടത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകുന്നതിന് നഗരസഭയോട് ആവശ്യപ്പെടേണ്ടതും, 2018-19 വർഷത്തിൽ അടവാക്കിയ 74097/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ആയതിലൂടെ സ്വയംതൊഴിൽ സംരംഭങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിനും വിപണന കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേകമായ ശ്രദ്ധ ആവശ്യമാണ്.

## 1-9 ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരമുള്ള കെട്ടിടം സ്വയം സഹായ സംഘം മേൽവാടകക്ക് നൽകുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലെ ഭൂമി സംബന്ധിച്ച ഫോറത്തിൽ മൂടാടി ഗ്രാമപഞ്ചായത്തിൽ മുചുകുന്ന് അകലാപുഴ റോഡിൽ 80.94 ച.മീ വിസ്തീർണ്ണമുള്ള ഭൂമിയുള്ളതായും ആയതിൽ കെട്ടിടമുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉഷസ്സ് സ്വയം സഹായ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുള്ള പ്രസ്തുത കെട്ടിടം സ്ഥലപരിശോധനയുടെ ഭാഗമായി സന്ദർശിച്ച് പരിശോധിച്ചതിൽ 10/268 നമ്പർ കെട്ടിടം നിലവിലുള്ളതായും, മൂടാടി ഗ്രാമപഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം സജീന്ദ്രൻ, കൺവീനർ, ഉഷസ്സ് സ്വയം സഹായ സംഘം എന്നവർക്കാണ് പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശമുള്ളതെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം നിലവിൽ മറ്റൊരു വ്യക്തിക്ക് മേൽവാടകക്ക് നൽകിയിട്ടുണ്ട്.

കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ ലഭ്യമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി സ്വയം സഹായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-2/18-19/03.01.20) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട ഭൂമിയുടെയും കെട്ടിടത്തിന്റെയും സംരക്ഷണവും പരിപാലനവും ഉറപ്പ് വരുത്തുന്നതിന് സഹായകമായ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ ഇല്ലാത്തതും ആസ്തി സംബന്ധിച്ച രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിലുള്ള വീഴ്ചയും അപാകതക്ക് കാരണമായിട്ടുണ്ട്. ആസ്തി സംബന്ധിച്ച രേഖകൾ അടിയന്തിരമായി കണ്ടെത്തി കെട്ടിടത്തിന്റെ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ടതും കെട്ടിടം മേൽവാടകക്ക് നൽകിയിരിക്കുന്ന ഉഷസ്സ്

സ്വയം സഹായസംഘവുമായി ബ്ലോക്ക് പഞ്ചായത്ത് ഏതെങ്കിലും തരത്തിലുള്ള കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിലെ വ്യവസ്ഥകൾ പരിശോധിച്ച് ഉചിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10 ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയർ- എ.എം.സി ഇല്ല.

ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഏതെങ്കിലും സ്ഥാപനവുമായി വാർഷിക പരിപാലന കരാറിൽ (എ.എം.സി) ഏർപ്പെട്ടിട്ടില്ല. നിലവിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനത്തിനായി ക്യൂ മാക്സ് കൊയിലാണ്ടി എന്ന സ്ഥാപനത്തിനെയാണ് പഞ്ചായത്ത് ആശ്രയിക്കുന്നത്. എന്നാൽ സ്ഥാപനവുമായി പഞ്ചായത്ത് വാർഷിക കരാറിലേർപ്പെട്ടിട്ടില്ല. 2018-19 വർഷത്തിൽ വിവിധ സേവനങ്ങൾക്കായി പഞ്ചായത്ത് 37126/-രൂപ ക്യൂ മാക്സ് കൊയിലാണ്ടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

27.04.2018 തീയതിയിലെ 21800310, 14.03.2019 തീയതിയിലെ 21800449 എന്നീ വൗച്ചറുകൾ മുഖേന പഞ്ചായത്തിലേക്ക് ഡെസ്ക്ടോപ് മോണിറ്ററുകൾ വാങ്ങിയിട്ടുണ്ട്. മോണിറ്ററുകൾക്ക് യഥാക്രമം 4900/-, 4950/- രൂപയാണ് ക്യൂ മാക്സിന് പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. ആയതിന് പുറമെ യഥാക്രമം 700/-, 650/- രൂപ ഇൻസ്റ്റലേഷൻ/ സർവ്വീസ് ചാർജ്ജ് ക്യൂ മാക്സിന് നൽകിയിട്ടുണ്ട്. പുതിയ മോണിറ്റർ സി.പി.യുമായി ഘടിപ്പിക്കുന്നതിന് സാങ്കേതിക പരിജ്ഞാനമോ മനുഷ്യ ശേഷിയോ ആവശ്യമില്ലാത്തതിനാലും, പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാൻ ഐ.കെ.എം ബ്ലോക്ക്തല ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം പഞ്ചായത്തിൽ ലഭ്യമായിരുന്നു എന്നതും പരിശോധിക്കുമ്പോൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് തുക അനുവദിച്ചത് അനാവശ്യ ചെലവായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-3/18-19/03.01.20) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാറന്റി പരിരക്ഷ ഇല്ലാത്ത ഇലക്ട്രോണിക് ഉപകരണങ്ങളുടെ പരിപാലനത്തിന് എ.എം.സി ഏർപ്പെടുത്തേണ്ടതാണ്. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും ഇലക്ട്രോണിക് ഉപകരണങ്ങളുടെ മെയിന്റനൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ക്യൂ മാക്സ് എന്ന സ്ഥാപനത്തിന് 1350/- രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 പത്ര പരസ്യം-അർഹമായ ഇളവ് ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതിന് കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡിൽ നിന്നും ലഭിച്ച താഴെ പറയുന്ന ബില്ലുകളിന്മേൽ തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചു നൽകി (വൌച്ചർ നം. 21800249/29-11-2018, & ചെക്ക് നം. 3845246/04-08-2018).

ബിൽ നം.

321000022195/18-05-2018 - 12480/-രൂപ

321000022196/18-05-2018 - 10400/-രൂപ

321000033720/07-06-2018 - 7098/-രൂപ

എന്നാൽ 08.02.2015 ലെ സ.ഉ.(പി).നം.17/15/ഐ & പി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം പത്രപരസ്യത്തിന് നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സർക്കാർ വകുപ്പുകൾ ഐ & പി.ആർ.ഡി മുഖേനയോ, നേരിട്ടോ നൽകുന്ന പത്ര പരസ്യങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. ഉത്തരവിന് 2015-16 സാമ്പത്തിക വർഷം വരെയെ പ്രാബല്യമുണ്ടായിരുന്നുള്ളുവെങ്കിലും നിരക്കുകൾ പുതുക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതിയുടെ

ശുപാർശകൾ അന്തിമമായി അംഗീകരിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയും മേൽ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുമെന്ന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ബില്ലുകളിന്മേൽ 4497/- രൂപയുടെ ഡിസ്കൗണ്ടിന് സ്ഥാപനത്തിന് അർഹതയുണ്ടായിരുന്നു. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നതിന് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോടിനോട് ആവശ്യപ്പെടേണ്ടതും പ്രസ്തുത തുക തനത് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-12 കൺവീനർ വർക്കിന് 7.5 ശതമാനം ഓവർഹെഡ് ചാർജ്ജ് അനുവദിച്ചു

| | |
|---|---|
| പ്രൊ.നം& പേര് | 38/18-19,<br>അത്തോളി ജി.എം.യു.പി സ്കൂൾ ചുറ്റുമതിൽ, അത്തോളി ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/പ്രവൃത്തി മൂല്യം | 612000/-രൂപ (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 612000/-രൂപ (പാർട്ട് ബിൽ, 7/18-19/11.03.2019) |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 38/18-19 നമ്പറായി നിർവ്വഹണം നടത്തിയ അത്തോളി ജി.എം.യു.പി. സ്കൂൾ ചുറ്റുമതിൽ – അത്തോളി ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 7.5 ശതമാനം ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഹെഡ്മാസ്റ്റർ കൺവീനറായുള്ള ഗുണഭോക്തൃസമിതിക്ക് അനുവദിച്ച തുകയിൽ നിന്നും 2 ശതമാനം ആദായ നികുതി, 1 ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. അനർഹമായി അനുവദിച്ചിട്ടുള്ള 7.5 ശതമാനം ഓവർഹെഡ് ചാർജ്ജിൽ നിന്നും ശേഷിക്കുന്ന 27540/-രൂപ (4.5 ശതമാനം) തിരിച്ച് പിടിച്ച് ക്രമീകരിക്കേണ്ടതാണ്..
2. കൺവീനർ സമർപ്പിച്ചിട്ടുള്ള പർച്ചേസ് ബില്ലുകളിൽ 60397/- രൂപയുടെ ബില്ലുകൾ അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ളതാണ്. ആയത് കൺവീനർ പ്രവൃത്തി ഉപ കരാർ നൽകിയതിനുള്ള സാധ്യത സൃഷ്ടിക്കുന്നുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. കൺവീനർക്ക് അനർഹമായി അനുവദിച്ച 45900/- രൂപയിൽ കുറവ് ചെയ്യാനവശേഷിക്കുന്ന 27540/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ആസ്തിയിലുൾപ്പെടാത്ത സ്റ്റേജ് നിർമ്മാണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ 40/18-19 നിർവ്വഹണം ആരംഭിച്ചതും 2019-20 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചതുമായ ഹിൽബസാർ ഓപ്പൺസ്റ്റേജ്-മേൽക്കൂരയും ചുമരും, മൂടാടി ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. & പേര് | 40/18-19, ഹിൽബസാർ ഓപ്പൺ സ്റ്റേജ്-മേൽക്കൂരയും ചുമരും, മൂടാടി ഗ്രാമപഞ്ചായത്ത് |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 1000000/-രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 479911/-രൂപ (പാർട്ട് ബിൽ, 11/18-19/19.03.2019) |

മൂടാടി ഗ്രാമപഞ്ചായത്തിലെ ഹിൽബസാറിൽ നിലവിലുണ്ടായിരുന്നതും നാല് വശങ്ങളും തുറന്ന നിലയിലുള്ളതുമായ ഓപ്പൺ സ്റ്റേജിന് ചുമരും മേൽക്കൂരയും സ്ഥാപിക്കുന്നതിനാണ് പദ്ധതി. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

1. പദ്ധതി 2019-20 വർഷത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. മൂടാടി ഗ്രാമപഞ്ചായത്ത്, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത സ്റ്റേജ് ഉൾപ്പെട്ടതായി കാണുന്നില്ല.

2. സ്റ്റേജ് സ്ഥിതി ചെയ്യുന്നതും സർവ്വെ നം.11/1, റീ സർവ്വേ നം- 9/1എ യിൽ ഉൾപ്പെട്ടതുമായ ഭൂമിയുടെ വിസ്തീർണ്ണം 1.71 സെന്റായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റേജിന്റെ വിസ്തീർണ്ണം 64.39 ച.മീ ആണ്. (പടികളുടെ വിസ്തീർണ്ണം ഒഴികെയുള്ളത്). നിലവിൽ മൂന്ന് ഭാഗം ചുമരും, ഒരു ഭാഗം അടച്ച് തുറക്കാവുന്ന ഗ്രില്ലും നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ വ്യാപ്തി 93.04 ശതമാനമാണ്. 69.2 ച.മീ മാത്രം വിസ്തീർണ്ണമുള്ള ഭൂമിയിൽ 64.39 ച.മീ വിസ്തീർണ്ണമുള്ള സ്റ്റേജ് നിർമ്മിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യും മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചിട്ടില്ല.

3. പദ്ധതി പ്രകാരം സ്റ്റേജ് മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പ്രേക്ഷകർക്കുള്ള സ്ഥലസൗകര്യം സൈറ്റിൽ ലഭ്യമല്ല. സ്റ്റേജിന് അഭിമുഖമായിട്ടുള്ള ഭൂമി ബ്ലോക്ക് പഞ്ചായത്തിന്റെയോ, ഗ്രാമപഞ്ചായത്തിന്റെയോ ആസ്തിയല്ല. പ്രസ്തുത പ്രശ്നം വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടായിട്ടില്ല.

ഒരു പദ്ധതി നിർവ്വഹണം നടത്തും മുൻപ് ആസൂത്രണ ഘട്ടത്തിൽ തന്നെ ആയതിന്റെ അനിവാര്യത, പ്രായോഗികത, വെല്ലുവിളികൾ എന്നിവ പരിശോധിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചുമതലാ പരമായ പ്രസ്തുത പങ്ക് നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്.

സ്റ്റേജ് നിർമ്മിച്ചിട്ടുള്ള ഭൂമിയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

2018-19 വർഷത്തിൽ ഓഫീസ് ആവശ്യത്തിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. 42/18-19) കെൽട്രോണിൽ നിന്ന് വിലവിവരങ്ങൾ ആവശ്യപ്പെടുകയും, ഇൻവോയ്സ് പ്രകാരം (ബി.1007/18/31.07.2018) സർവ്വറിന് 3,19,850/- രൂപയും, 3 കമ്പ്യൂട്ടറിന് 1,15,599/- രൂപയും അറിയിച്ചതിനെ തുടർന്ന് ചെക്ക് നം. 1694128/16.10.2018, 1694129/13.11.2018 എന്നിവ പ്രകാരം മേൽ തുക കെൽട്രോണിന് നൽകി. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 3 കമ്പ്യൂട്ടറിന് 1,15,599/- രൂപ നൽകിയിട്ടും 2 കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോൺ ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്. തുക 16.10.2018 ന് മുൻകൂറായി നൽകിയിട്ടും മെയ് 2019, അതായത് 7 മാസം കഴിഞ്ഞാണ് കമ്പ്യൂട്ടർ വിതരണം ചെയ്തത്. കൂടാതെ മതിയായ എണ്ണം വിതരണം ചെയ്യാനുമായിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുമ്പോൾ കെൽട്രോണിൽ നിന്ന് വാങ്ങണമെന്ന് നിർദ്ദേശിക്കുമ്പോൾ മതിയായ എണ്ണം കൃത്യ സമയത്തിന് സ്ഥാപനത്തിന് വിതരണം ചെയ്യാനാകും എന്ന

ഉറപ്പിലാണ് കെൽട്രോണിനെ തെരെഞ്ഞെടുക്കുന്നത്. എന്നാൽ ഇവിടെ മാസങ്ങൾ കഴിഞ്ഞാണ് കമ്പ്യൂട്ടർ വിതരണം ചെയ്തത്. ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് വീഴ്ചയാണ്.

2). 21.05.2019 ലെ കെൽട്രോണിന്റെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 3 കമ്പ്യൂട്ടർ വിതരണം ചെയ്യാൻ മുൻകൂറായി അടച്ച 1,15,599/- രൂപയിൽ 2 കമ്പ്യൂട്ടർ വിതരണം ചെയ്യുന്നും മൂന്നാമത്തെ കമ്പ്യൂട്ടർ വിതരണം ചെയ്യണമെങ്കിൽ 8,178/- രൂപ കൂടി അടവാക്കണമെന്ന് നിർദ്ദേശിച്ചു. ഇത് ശരിയായ നടപടിയല്ല. ജൂലൈ മാസത്തിലെ ഇൻവോയ്സ് പ്രകാരം 3 കമ്പ്യൂട്ടറിന്റെ വില മുൻകൂറായി 2018 ഒക്ടോബർ മാസം നൽകിയെങ്കിലും, മാസങ്ങൾ കഴിഞ്ഞ് 2019 മെയ് മാസം 2 കമ്പ്യൂട്ടർ നൽകി, മെയ് മാസ വിലയായ തുക കണക്കാക്കി 8,178/- രൂപ അടച്ചാൽ മാത്രമേ മൂന്നാമത്തെ കമ്പ്യൂട്ടർ അനുവദിക്കൂ എന്നത് ബ്ലോക്ക് പഞ്ചായത്ത് കെൽട്രോണുമായി വെച്ച 08.08.2018 ലെ 9/18-19 നമ്പർ ഉടമ്പടിയുടെ ഖണ്ഡിക 2 ന് വിരുദ്ധമാണ്. ഖണ്ഡിക നം. 2 ൽ ഒരിക്കൽ അംഗീകരിച്ച നിരക്കിന് വർദ്ധനവ് ഒരു കാരണവശാലും പരിഗണിക്കില്ല എന്ന് വ്യക്തമാക്കുന്നു. ഉടമ്പടി പ്രകാരം 8,178/- രൂ അധികമായി അടവാക്കേണ്ടതില്ല എന്ന് വ്യക്തമാണ്.

3). മേൽ ബിൽ പ്രകാരം സർവ്വർ വാങ്ങുന്നതിന് 3,19,850/- രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. ഇത് യു.പി.എസ് സഹിതമാണ്. പ്രസ്തുത യു.പി.എസ് ഓഡിറ്റ് സമയത്ത് 2 മണിക്കൂർ പോലും പ്രവർത്തിക്കുന്നില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ റിപ്പോർട്ട് ചെയ്തു. ഇതിൽ കൃത്യമായ പരിശോധന നടത്തി, 5 വർഷം ഗ്യാരണ്ടി നൽകിയ ഉപകരണം നിലവിൽ പ്രവർത്തനക്ഷമമായി മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

# 1-15 കുടിവെള്ള പദ്ധതി - കിണർ നിർമ്മാണത്തിന് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | 75/19 (54/18), ളുവക്കോട് ചെത്തിൽ താഴ കുടിവെള്ള പദ്ധതി |
| അടങ്കൽ | 5,00,000/-രൂപ (വികസന ഫണ്ട് - 3,00,000 + തനത് ഫണ്ട് -2,00,000) |
| ചെലവ് | 4,64,164/-രൂപ |
| എം. ബുക്ക് നം | 95/17-18, 98/17-18 |
| കരാറുകാരൻ | തൃക്കോട്ടൂർ ലേബർ കോൺട്രാക്ടർ സൊസൈറ്റി |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ചേമഞ്ചേരി ഗ്രാമപഞ്ചാത്തിലെ ളുവക്കോട് - ചെത്തിൽ താഴ കുടിവെള്ള പദ്ധതിക്ക് ചേമഞ്ചേരി വില്ലേജിലെ 3/3, 4 റീസർവ്വേയിൽപ്പെട്ട 2 സെന്റ് സ്ഥലത്ത് 5 മീറ്റർ വ്യാസത്തിൽ ഒരു കിണർ 28.08.2019 ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് ആവിഷ്കരിച്ചതിന്റയും പദ്ധതി നടത്തിപ്പിന്റെയും അപാകതകൾ താഴെ പറയുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചാത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് [സ.ഉ. (കൈ )നം. 11/2018/തസ്വഭവ തീയതി : 29.01.18 ഖണ്ഡിക നം . 7.1 (ബി)(8)]. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതി പത്രം ഇല്ലാതെയാണ് പ്രവൃത്തി നടത്തിയത്. കുടിവെള്ള പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് സമഗ്ര പ്രോജക്ട് ആവിഷ്കരിച്ചില്ല. കിണർ നിർമ്മാണത്തിന്റെ കൂടെ സംഭരണി, പമ്പ് ഹൗസ്, പൈപ്പ് ലൈൻ - മോട്ടോർ എന്നിവയ്ക്ക് പ്രോജക്ട് തയ്യാറാക്കിയില്ല.

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതും ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19, 2019-20 എന്നീ വർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കുടിവെള്ള പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 8.685 ലക്ഷം രൂപ ധനസഹായം നൽകിയെങ്കിലും മോണിട്ടറിംഗിന്റെ അഭാവം മൂലം പദ്ധതി പരാജയപ്പെട്ടു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 09/19, പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വനിതകൾ) |
| അടങ്കൽ | 9,65,000/- രൂപ(എസ്.സി.പി) |
| ചെലവ് | 8,68,500/-രൂപ |
| ബിൽ നം. | 2/18.11.2018 |
| നിർവ്വഹണം | വ്യവസായ വികസന ഓഫീസർ |

അസംസ്കൃത വസ്തുക്കൾ (കൈതോല) വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 വനിതാ ഗ്രൂപ്പ് സംരംഭകർക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇതിൻ പ്രകാരം 1,73,700/- രൂപ വീതം കേരള ഗ്രാമീണ ബാങ്കിൽ സംരംഭകർ ആരംഭിച്ച അക്കൗണ്ടിലേക്ക് 5 ഗ്രൂപ്പുകൾക്കായി വിതരണം ചെയ്യുകയും ഈ തുക ഉപയോഗിച്ച് പായ നിർമ്മാണത്തിന് കൈതോല വാങ്ങുകയും ചെയ്തതായാണ് ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നത്. മൂടാടി ഗ്രാമപഞ്ചാത്തിലെ 4 കുടുംബശ്രീ യൂണിറ്റിൽ നിന്ന് 5 സംഘങ്ങളെ മേൽ പ്രോജക്ടിനായി തെരെഞ്ഞെടുത്തു. അരിക്കുളം ഗ്രാമപഞ്ചാത്ത് സമർപ്പിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 3 പേർ മാത്രമായതുകൊണ്ടും ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചാത്തിലെ ലിസ്റ്റിൽ പുരുഷന്മാർ ഉൾപ്പെട്ടതു കൊണ്ടും ധനസഹായം നൽകുന്നതിന് ആയവ പരിഗണിച്ചില്ല. ചേമഞ്ചേരി, അത്തോളി എന്നീ ഗ്രാമപഞ്ചാത്തുകളിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചില്ല. മൂടാടി ഗ്രാമ പഞ്ചായത്തിൽ നിന്ന് മാത്രമാണ് അർഹതയ്ക്ക് പരിഗണിക്കാവുന്ന ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചത്. രേഖകൾ പ്രകാരം കൈതോല വാങ്ങിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | കൈതോല വിൽപന നടത്തിയ ആളുടെ പേര് | തീയതി (രസീതി പ്രകാരം) | നൽകിയ തുക |
|---|---|---|---|---|
| 1. | അശ്വതി, മൂടാടി | വി.എം ഗണേശൻ, വാഴയിൽ മീത്തൽ, മുചുകുന്ന് | 23.11.2018 | 96,500 |
| | -ടി- | മനോജ്, വിളക്കാം കണ്ടി, മുചുകുന്ന് | 23.11.2018 | 96,500 |
| 2. | ഐശ്വര്യ, മൂടാടി | കരുണൻ, കിഴക്കെ പുത്തൻ പുരയിൽ, മുചുകുന്ന് | 07.11.2018 | 96,500 |
| | -ടി | അച്ചുതൻ, നാരാക്കുനി വീട്, തുറയൂർ | 07.11.2018 | 96,500 |
| 3. | വികാസ്, മൂടാടി | ലീല ഒടിയിൽ കുനി, ചേമഞ്ചേരി | 06.11.2018 | 96,500 |
| | -ടി- | ബാലൻ എടക്കണ്ടി മലോൽ മീത്തൽ, കുത്താളി | 06.11.2018 | 96,500 |
| 4. | സംഗമം, മൂടാടി | അനീഷ് ബാബു, എടവത്ത് പറമ്പത്ത് | 07.11.2018 | 96,500 |
| | -ടി- | ലക്ഷ്മി കുനിവയലിൽ, ചെങ്ങോട്ട് കാവ് | 07.11.2018 | 96,500 |
| 5. | ഒരുമ, മൂടാടി | വിനോദൻ മൂലത്ത് താഴ, കീഴരിയൂർ | 07.11.2018 | 96,500 |
| | -ടി- | രതീഷ്, പുള്ളേ്യാത്ത് മീത്തൽ, കീഴരിയൂർ | 07.11.2018 | 96,500 |

| | ആകെ | 9,65,000 |
|---|---|---|

മേൽ പട്ടിക പ്രകാരം ക്രമ നം.1 ആയി കാണിച്ചിരിക്കുന്ന സംഘത്തിനൊഴികെ മുഴുവൻ ഗ്രൂപ്പുകൾക്കും ഒരേ ദിവസം അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്തതായാണ് കാണുന്നത്. ഓരോ സംഘവും 1,93,000/- രൂപയുടെ കൈതോലയാണ് ആകെ വാങ്ങിയത്. അത് പ്രകാരമുള്ള തുകയും അസംസ്കൃത വസ്തു വിറ്റ വ്യക്തികൾക്ക് നൽകിയിരിക്കുന്നു. ആയതിന് തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീതിയും വിൽപന നടത്തിയ വ്യക്തികൾ നൽകിയിട്ടുണ്ട്. ചെക്ക് മുഖേന വില നൽകുന്നതിന് പകരം പണമായാണ് കൈതോലയുടെ വില നൽകിയത്. എന്നാൽ വിൽപന നടത്തിയ വ്യക്തികൾ പണം കൈപ്പറ്റിയ തീയതിക്ക് ശേഷവും എല്ലാ സംഘങ്ങളുടെയും ബാങ്ക് അക്കൗണ്ടിൽ 1,74,703/- രൂപ നീക്കിയിരിപ്പുണ്ട്. ഈ സാഹചര്യത്തിൽ, സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാതെ കൈതോല വാങ്ങിയ ഇനത്തിൽ ഇത്രയും ഭീമമായ തുക (9,65,000/-രൂപ) വിൽപന നടത്തിയ വ്യക്തികൾക്ക് നൽകിയതെങ്ങനെയെന്ന് വ്യക്തമല്ല. കൂടാതെ ഇത്രയും കൈതോലകൾ ഒന്നിച്ച് വാങ്ങി ഉൽപന്നങ്ങൾ നിർമ്മിക്കുക എന്നത് അപ്രായോഗിഗവുമാണ്. ഗ്രൂപ്പുകൾക്ക് ഒറ്റത്തവണ ധനസഹായം ലഭിച്ചതിനു ശേഷമുള്ള തുടർ പ്രവർത്തനങ്ങളുടെ വിവരമോ മോണിട്ടറിംഗ് റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനു വേണ്ടി, ധനസഹായം നൽകിയ ഗ്രൂപ്പുകളുടെ പ്രസിഡണ്ട്/സെക്രട്ടറിമാരെ നേരിൽ കേൾക്കുകയും, ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക്, പാസ്ബുക്ക് എന്നിവ പരിശോധിക്കുകയും ചെയ്തതിൽ, ധനസഹായം നൽകിയിട്ടും പരമ്പരാഗത തൊഴിലിന്റെ ഭാഗമായി കൈതോല ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിച്ചില്ലെന്ന് ബോധ്യപ്പെട്ടു.

5 സംഘങ്ങളുടെയും മിനുട്സ് പരിശോധിച്ചതിൽ, പദ്ധതി വിഭാവനം ചെയ്തതിന് വിരുദ്ധമായി, വായ്പ രൂപത്തിൽ പണം പിൻവലിക്കാനും ആയത് ഗ്രൂപ്പ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യാനും തവണ വ്യവസ്ഥയിൽ തിരിച്ചടവാക്കാനുമാണ് വിവിധ യോഗങ്ങളിൽ തീരുമാനമെടുത്തിരിക്കുന്നത്. എന്നാൽ അനുവദിച്ച വായ്പകൾ യഥാസമയം തിരിച്ചടവാക്കിയുമില്ല. അക്കൗണ്ടിൽ വരവ് ഭാഗത്ത് കാണിച്ചിരിക്കുന്ന ചെറിയ തുകകൾ പലിശ ഇനത്തിലുള്ളതും തവണ വ്യവസ്ഥയിൽ തിരിച്ചടവാക്കുന്ന വായ്പ തുകയും മാത്രമാണ്. ഉൽപന്നങ്ങൾ വിറ്റഴിച്ച യാതൊരു തുകയും അക്കൗണ്ടിൽ വരവ് വന്നില്ല. സംഘങ്ങൾ ഉൽപന്നങ്ങൾ നിർമ്മിച്ചതിന്റെയോ ആയത് വിൽപന നടത്തിയതിന്റെയോ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതിൽ നിന്നും പദ്ധതികൊണ്ട് ഉദ്ദേശിച്ച ഒരു പ്രവർത്തനവും നടന്നില്ലെന്ന് വ്യക്തമാണ്. സംഘങ്ങളുടെ ഒരു യോഗത്തിൽ പോലും പരമ്പരാഗത കൈത്തൊഴിൽ പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള യാതൊരു തീരുമാനവുമുണ്ടായില്ല. അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക ചികിൽസയ്ക്കും വ്യക്തിപരമായ മറ്റ് ആവശ്യങ്ങൾക്കുമാണ് ഉപയോഗിച്ചത് എന്ന് മിനുട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. പാസ്ബുക്കുകൾ പ്രകാരം എല്ലാ സംഘങ്ങളും 2018 ഡിസംബർ മാസം 74,000/- രൂപയോളം ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഈ പിൻവലിക്കലിനെപ്പറ്റിയും ആയത് ചെലവഴിച്ചതിനെപ്പറ്റിയും മിനുട്സ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലോ അംഗങ്ങൾക്ക് വ്യക്തമായ ധാരണയോ ഇല്ല. ഓഡിറ്റ് സമയത്ത് പരിശോധിച്ച സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് താഴെ പറയുന്നു.

| സംഘത്തിന്റെ പേര് | അക്കൗണ്ട് നമ്പർ, കെ.ജി.ബി, മുചുകുന്ന് | അവസാന ഇടപാട് നടന്ന തീയതി | നീക്കിയിരിപ്പ് |
|---|---|---|---|
| അശ്വതി | 40241101033865 | 19.11.2019 | 34,957 |
| സംഗമം | 40241101033801 | 03.01.2019 | 8,277 |
| ഐശ്വര്യ | 40241101033856 | 11.12.2019 | 42,617 |
| ഒരുമ | 40241101033759 | 01.11.2019 | 3,090 |
| വികാസ് | 40241101033810 | 30.11.2019 | 5,064 |

പരമ്പരാഗത കൈത്തൊഴിൽ മേഖല അസംഘടിതവും നാശോന്മുഖവുമാണെന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ആയതുകൊണ്ടു തന്നെ ഇവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ട് 2018-19, 2019-20, 2021-22 എന്നീ വർഷങ്ങളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ തൻവർഷം പ്രോജക്ട് നടപ്പിലാക്കുന്നതിന് ധനസഹായം നൽകിയതല്ലാതെ അസംഘടിതരായ ഈ മേഖലയിലെ തൊഴിലാളികളെ സംഘടിത രൂപത്തിലാക്കുന്നതിനോ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ നിന്ന് ഒരു ഉയിർത്തെഴുന്നേൽപ് സാധ്യമാക്കുന്നതിനോ ഉള്ള യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായില്ല. വ്യവസായ വികസന ഓഫീസർ കൺവീനറായ പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ് 2018-19 വർഷത്തിൽ ഒരു യോഗം മാത്രമേ ചേർന്നുള്ളൂ. പ്രസ്തുത യോഗത്തിൽ 8,75,000/- രൂപ മേൽ പദ്ധതിക്കായി വിനിയോഗിക്കാൻ കഴിയുമെന്ന് വിലയിരുത്തിയതല്ലാതെ പ്രവർത്തനം ഏത് രൂപത്തിൽ നടത്തണമെന്നോ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചോ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തെക്കുറിച്ചോ ചർച്ചയോ തീരുമാനങ്ങളോ ഉണ്ടായില്ല. കൃത്യമായ മോണിട്ടറിംഗിന്റെ അഭാവം മൂലം 8.685 ലക്ഷം രൂപ ചെലവഴിച്ച പദ്ധതി പരാജയപ്പെട്ടു. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ സാഹചര്യത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ സംഘങ്ങളുടെ ഒരു യോഗം വിളിച്ചുചേർക്കുയും, ധനസഹായം ഉപയോഗിച്ച് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്ത വായ്പ തുകകൾ തിരിച്ചടവാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനു ശേഷം ആവശ്യാനുസരണം കൈതോലകൾ വാങ്ങി, പായയും മറ്റ് ഉൽപന്നങ്ങളും നിർമ്മിക്കുന്നതിന് സംഘാംഗങ്ങളെ സജ്ജരാക്കി പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായമായി നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതായിരിക്കും. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-17 വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

2018-19 വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിക്കിട്ടിയ തുക ബന്ധപ്പെട്ട സ്ഥാപനം വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിർവ്വഹണം | കൈമാറിയ തുക | കൈപ്പറ്റിയ സ്ഥാപനം(ഗ്രാ.പ) | ബിൽ നം/ തുക |
|---|---|---|---|---|---|
| 1. | 60/18-19, ശാരീരിക മാന സിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | സി.ഡി.പി.ഒ | 1,50,000 | അരിക്കുളം | 2/29.9.18- 6,00,000 3/16.1.19- 5,12.557 |
| | | | 3,72,557 | ചേമഞ്ചേരി | |
| | | | 2,00,000 | ചെങ്ങോട്ടുകാവ് | |
| | | | 1,90,000 | അത്തോളി | |
| | | | 2,00,000 | മൂടാടി | |
| 2. | 80/18-19, അംഗനവാടി കെട്ടിട നിർമ്മാണം | സി.ഡി.പി.ഒ | 5,00,000 | മൂടാടി | 1/31.7.18- 5,00,000 |
| 3 | 39/18-19, വി.സി.ബി നിർമ്മാണം , ചെങ്ങോട്ടുകാവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 800000 | ചെങ്ങോട്ടുകാവ് | 3/18-19, 14.01.19 800000 |

| | | | | | |
|---|---|---|---|---|---|
| 4 | 19/18-19, പുതുവനം കുനി കുടിവെള്ള പദ്ധതി. | അസിസ്റ്റന്റ് എഞ്ചിനീയർ | 700000 | ചേമഞ്ചേരി | 9/18-19, 16.03.19<br>700000 |

## 1-18 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 58/19, ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ- ജനറൽ |
| അടങ്കൽ & ചെലവ് | 8,80,000/-രൂപ |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽനം | 4/16.01.2019 |
| നിർവ്വഹണം | സി.ഡി.പി.ഒ |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട 5 ഗ്രാമപഞ്ചാത്തുകളിലെ 11 ഭിന്നശേഷിക്കാരായ (പൊതുവിഭാഗം) വ്യക്തികൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചത്. ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചാത്ത് | പഞ്ചായത്ത് സമർപ്പിച്ച ലിസ്റ്റിലെ ആകെ ഗുണഭോക്താക്കളുടെ എണ്ണം | ലിസ്റ്റിലെ ക്രമ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 1. | നിധിൻ വി.എം | അരിക്കുളം | 10 | 2 | |
| 2. | അസൈനാർ സി.കെ | | | 5 | |
| 3. | സുനി എൻ.പി | | | 6 | |
| 4. | പ്രകാശൻ എൻ. | | | 3 | |
| 5. | അഖിലേഷ് പി.പി | ചേമഞ്ചേരി | 3 | 2 | |
| 6. | അഖിൽ വി.എം. | മൂടാടി | 9 | 9 | ലിസ്റ്റിൽ മാർക്ക് ഉൾപ്പെടുത്തിയില്ല. |
| 7. | കുമാരി എ.കെ | | | 1 | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 40 മാർക്ക് |
| 8. | ഷംസീർ ആർ | | | 6 | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 100 മാർക്ക് |
| 9. | ശിവരാമൻ എം. | ചെങ്ങോട്ടുകാവ് | 5 | 2 | |
| 10. | രാകേഷ് ഇ. | | | 1 | |
| 11. | പ്രഭാകരൻ എൻ. | | | 3 | |

അത്തോളി ഗ്രാമപഞ്ചാത്ത് സെക്രട്ടറിയുടെ 28.7.18 ലെ എ-3/7551/17 നമ്പർ നടപടി പ്രകാരം 4 പേരുടെ ലിസ്റ്റ് സമർപ്പിച്ചെങ്കിലും അർഹതാ മാനദണ്ഡം കണക്കാക്കുന്നതിന് പരിഗണിച്ചില്ല. മൂടാടി ഗ്രാമപഞ്ചാത്തിലെ, സ്കൂട്ടർ നൽകിയ കുമാരിക്ക് 40 മാർക്കാണ് പഞ്ചായത്ത് അയച്ച ലിസ്റ്റ് പ്രകാരം ലഭിച്ചത്.

എന്നാൽ അതേ ലിസ്റ്റിൽ ഉൾപ്പെട്ട ഹൃദ്യ പി., അശ്വതി പി.കെ എന്നിവർക്ക് 100 മാർക്ക് ലഭിച്ചെങ്കിലും ആനുകൂല്യം ലഭിച്ചില്ല. ഇവർ അർഹരല്ലെന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കിയില്ല. മേൽ പട്ടിക പ്രകാരം ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണന ക്രമത്തിലല്ല ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത്. ഗ്രാമപഞ്ചാത്തുകൾ സമർപ്പിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അർഹത മാനദണ്ഡം അനുസരിച്ച് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ പട്ടിക ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ അർഹതാ ലിസ്റ്റും കണക്കാക്കിയത് ക്രമപ്രകാരമല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്രമ നം | ഗ്രാമപഞ്ചാത്ത് | ഗുണഭോക്താക്കളുടെ എണ്ണം (ഗ്രാമപഞ്ചാത്ത് സമർപ്പിച്ചത്) | ബ്ലോക്ക് പഞ്ചായത്ത് അർഹത കണക്കാക്കുന്നതിന് പരിഗണിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | അരിക്കുളം | 10 | 8 |
| 2. | ചെങ്ങോട്ടുകാവ് | 5 | 4 |
| 3. | മൂടാടി | 9 | 8 |

സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13/08/2019 മുതൽ 14/08/2019 വരെ | നമ്പർ.കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/ 2019(79) തിയ്യതി: 25.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അരിക്കുളം ഗ്രാമപഞ്ചായത്ത് | 2018-19 | 31430 | ഭവന നിർമ്മാണ പദ്ധതി | 31430 | - |
| ജില്ലാപഞ്ചായത്ത് | 2018-19 | 1033578 | ഭവന നിർമ്മാണ പദ്ധതി | 1033578 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 30000 | വജ്രജൂബിലി ഫെലോഷിപ്പ് | 30000 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 278000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ത്രിക്കോട്ടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | ചേമഞ്ചേരി ഈസ്റ്റ് കുടിവെള്ള പദ്ധതി | 01/2018-19 | 100000 | - | 100000 |
| 2 | ത്രിക്കോട്ടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | സി.എച്ച്.സി തിരുവങ്ങൂർ അറ്റകുറ്റപണി. | .../2018-19 | 178000 | - | 178000 |

# 4-5. വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6. സ്ഥിര നിക്ഷേപം

ഇല്ല

# 4-7. ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല |
| 2003-04 | 3-1 | 2005-06 (പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |
| 2003-04 | 3-4 | 2005-06 (പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |
| 2003-04 | 3-6 | 2005-06 (പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41098010 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47492947 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 868500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 868500 | ബിന്ദു.പി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക വിലാസം (ഇപ്പോഴത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്ദു.പി<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | ശാരദാസ്, പൊന്നംപുറത്ത് മീത്തൽ, വെള്ളിപ്പറമ്പ് (പോസ്റ്റ്), കോഴിക്കോട്<br>673 008 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, വിവരം |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6)/09.03.15 | 3<br>3-1, 3-2 (CAR), 3-4 |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7)/09.03.15 | 1<br>3-1(3) |

| | | |
|---|---|---|
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/2217/16/03.06.2017 | 3<br>3-12, 3-15, 3-17 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16/03.06.2017 | 3<br>3-11, 3-14, 3-15 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16/03.06.2017 | 3<br>3-4, 3-5, 3-8 |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/3261/16/03.06.2017 | 3<br>3-7, 3-8, 3-9 |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/03.06.2017 | 2<br>3-1, 3-8 (3) |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/ 03.06.2017 | 8<br>3-1, 3-2, 3-3, 3-4, 3-9, 3-10, 3-12, 3-13 |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി പി 7/418/17/24.03.2017 | 32<br>2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി പി7/1424/17/01/08/2017 | 8<br>3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി പി7/2054/18/17-10-2018 | 14<br>1-10, 1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# <u>അനുബന്ധം.1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, 4ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്